# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 55 28.05.2019 ലെ മറുപടിക്ക്**

## വോട്ടിംഗ് യന്ത്രങ്ങളുടെ വിശ്വാസ്യത

| | ചോദ്യം<br>ശ്രീ. പി.കെ.അബ്ദു റബ്ബ് | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|
| (എ) | വോട്ടിംഗ് യന്ത്രങ്ങൾ കുറ്റമറ്റതാണെന്ന് കേന്ദ്ര - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുകൾ അവകാശവാദമുന്നയിക്കുന്നുണ്ടെങ്കിലും ഒരാൾ രേഖപ്പെടുത്തിയ വോട്ട് ഉദ്ദേശിച്ച സ്ഥാനാർത്ഥിക്കുതന്നെ ലഭിച്ചു എന്ന് ഉറപ്പുവരുത്താൻ നിലവിലെ സംവിധാനം പര്യാപ്തമല്ലെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ; | ഒരാൾ രേഖപ്പെടുത്തിയ വോട്ട് ഉദ്ദേശിച്ച സ്ഥാനാർത്ഥിക്ക് തന്നെ ലഭിച്ചു എന്ന് ഉറപ്പുവരുത്താൻ നിലവിൽ വിവിപാറ്റ് (വോട്ടർ വെരിഫയബിൾ പേപ്പർ ഓഡിറ്റ് ട്രയിൽ) സംവിധാനം കൂടി ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | രേഖപ്പെടുത്തിയ. വോട്ട് ഉദ്ദേശിച്ച സ്ഥാനാർഥി ലഭിക്കാതെ മറ്റൊരു സ്ഥാനാർത്ഥിക്ക് പോകുന്നതായുള്ള അപാകത പരിഹരിച്ച് ഇതിനെതിരെ സർക്കാരിന് എന്ത് നടപടി സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ; | ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയാണ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നത്. |
| (സി) | സാങ്കേതിക പരിജ്ഞാനത്തിൽ മുൻപന്തിയിലുള്ള അമേരിക്ക പോലും ഇന്ന് പേപ്പർ ബാലറ്റ് സംവിധാനത്തിലേക്ക് മാറിപ്പോയത് വോട്ടിംഗ് യന്ത്രങ്ങളിലെ വിശ്വാസ്യതക്കുറവ് മൂലമാണെന്ന് സർക്കാരിന് അറിവുണ്ടോ; | ഇല്ല. |
| (ഡി) | തിരഞ്ഞെടുപ്പിൽ പേപ്പർ ബാലറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് അഭിപ്രായ ഐക്യം സ്വരൂപിക്കാൻ സർക്കാർ മുൻകൈയെടുത്ത് ശ്രമം നടത്തുമോ? | അത്തരത്തിൽ തീരുമാനങ്ങളൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ